**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4521** **19-07-2022 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി വനസംരക്ഷണം - ഗ്രീൻ ഇൻഡ്യ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി-വനം സംരക്ഷണത്തിന്റെ ഭാഗമായി ഗ്രീൻ ഇൻഡ്യ മിഷൻ തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; | (എ) | കാലാവസ്ഥാ വ്യതിയാനം മൂലം പരിസ്ഥിതിയ്ക്ക്, പ്രത്യേകിച്ച് വനങ്ങൾക്ക് ഉണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി നടപ്പാക്കി വരുന്നു. ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കി വരുന്നു. കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ,നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളിലെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്കു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷത്തൈകളുടെ ഉൽപാദനം, വിതരണം,ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധന ഉപയോഗം, ഉൽപാദനക്ഷമതയുള്ള കാലി വളർത്തൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗിംങ്, മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിനുള്ള നടപടികൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് മേൽ ഉപദൗത്യങ്ങളിലൂടെ നടപ്പാക്കി വരുന്നത്. 2022-23 വർഷത്തിൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയിൻ കിഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ടെറിട്ടോറിയൽ വനം ഡിവിഷൻ, തിരുവനന്തപുരം വൈൽഡ്ലൈഫ് വനം ഡിവിഷനുകളിലായി വിവിധ ഉപദൗത്യങ്ങളിൻ കീഴിൽ നടപ്പാക്കുവാൻ 296.50 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടിണ്ട്. |
| (ബി) | ആയതിലേക്ക് പദ്ധതി പ്രദേശത്തെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാനാകുമോ; ഇതിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി ഒരു നീർത്തടാധിഷ്ഠിത പദ്ധതിയാണ്. സമഗ്ര ഭൂപ്രദേശാധിഷ്ഠിത (landscape) മേഖലകളെ അതിവിസ്തൃത ഭൂപ്രദേശം (L1-സംസ്ഥാന തലം), സംഘടനാ തലം (L2 Operational level-വനം ഡിവിഷൻ തലം), പ്രവർത്തി തലം (L3 - working unit - മൈക്രോവാട്ടർഷെഡ് തലം) എന്നിങ്ങനെ മൂന്ന് തലങ്ങളിലായി വിഭജിച്ചാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ആദ്യമായി പാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തിക പരിഗണനകളുടെ അടിസ്ഥാനത്തിൽ നദീതടങ്ങൾ, വിസ്തൃത ഭൗമ-ജൈവ മേഖലകൾ എന്നിങ്ങനെ വളരെ വിസ്തൃത ഭൂപ്രദേശങ്ങളെ L1 തലത്തിൽ മുൻഗണനാടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കുന്നു. രണ്ടാമതായി വന സാന്ദ്രത, വൃക്ഷാവരണം, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അനന്തര ഫലങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കുവാനുള്ള സാധ്യത, ജൈവവൈവിധ്യ സമ്പന്നത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തി L2 തലത്തിൽ പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നു. അവസാനമായി L3 തലത്തിനുള്ളിൽ വരുന്ന സൂക്ഷ്മ നീർത്തടങ്ങളെ അധിഷ്ഠിതമാക്കി വനമേഖലയെയും, വനേതരമേഖലയേയും തിരഞ്ഞെടുത്ത് ഗ്രീൻ ഇൻഡ്യ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് മൈക്രോപ്ളാൻ തയ്യാറാക്കി അംഗീകരിച്ച് പ്രാദേശിക ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നു.<br><br>2022-23 വർഷത്തിൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയിൻ കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിയ്ക്ക് ഭേദഗതികളോടെ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അനുമതിനൽകിയിട്ടുള്ളതാണ്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇനിയും പുതിയ നിർദ്ദേശങ്ങൾ അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് സാധിക്കുന്നതല്ല.<br><br>എല്ലാ വർഷവും ഗ്രീൻ ഇൻഡ്യ മിഷനു കീഴിൽ വിവിധ ഉപദൗത്യങ്ങളിലായി നീർത്തടാധിഷ്ഠിതമായി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്താവുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഉചിതമായ പ്രവർത്തനങ്ങൾ കണ്ടെത്തി അതാത് നിർവ്വഹണ വനസംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ സൂക്ഷ്മാസൂത്രണ രേഖയിൽ ഉൾപ്പെടുത്തി വിവിധ വനവികസന ഏജൻസികൾ (FDAs) സമർപ്പിക്കുന്ന വാർഷിക കർമ്മ പദ്ധതികൾ സംസ്ഥാന തലത്തിൽ സംസ്ഥാന വന വികസന ഏജൻസി (SFDA, Kerala) ക്രോഡീകരിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കുകയാണ് ചെയ്തു വരുന്നത്. തുടർന്ന് വാർഷിക കർമ്മ പദ്ധതിയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായവും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴി വിവിധ വനവികസന ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ